ഉത്തരം

• (എ) സംസ്ഥാനത്ത് നാളിതുവരെ 2003 എയ്ഡ്സ് രോഗികൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഏകദേശം 70,000-നും 1 ലക്ഷത്തിനും ഇടയിൽ എച്ച്.ഐ.വി. വാഹകർ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. എച്ച്.ഐ.വി. വാഹകർക്കു വേണ്ടി ആന്റി റിട്രോവൈറൽ തെറാപ്പി, അനുബന്ധ രോഗങ്ങൾക്കും അവസരോചിത രോഗങ്ങൾക്കുമുള്ള മരുന്നുകൾ, അശരണരും ആലംബഹീനരുമായ എച്ച്.ഐ.വി. ബാധിതരുടെ പരിചരണത്തിനായുള്ള രണ്ട് കെയർ സെന്ററുകൾ, അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള രോഗവ്യാപനം തടയുന്നതിനുവേണ്ടിയുള്ള ചികിത്സ എന്നിവയ്ക്കു പുറമെ, ആരോഗ്യ വകുപ്പിലേയും മെഡിക്കൽ കോളേജിലേയും ഡോക്ടർമാർക്ക് എച്ച്.ഐ.വി. ബാധിതരെ ചികിത്സിക്കുന്നതിനുവേണ്ടിയുള്ള പരിശീലനവും നൽകുന്നു.

(സി) എച്ച്.ഐ.വി. വാഹകരെ പൂർണ്ണമായും ചികിത്സിച്ച് രോഗവിമുക്തമാക്കാൻ പര്യാപ്തമായ ചികിത്സ നിലവിലില്ല. എന്നാൽ എ.ആർ.റ്റി. ചികിത്സകൊണ്ട് രോഗലക്ഷണങ്ങൾ നിയന്ത്രിച്ച് സാധാരണ ആരോഗ്യനില നിലനിർത്താനും ജീവിത കാലാവധി ദീർഘിപ്പിച്ച് സാധാരണ ജീവിതം നയിക്കാനും കഴിയുന്നു.

എയ്ഡ്സ് രോഗികളേയും എച്ച്.ഐ.വി. വാഹകരേയും കണ്ടെത്തി ചികിത്സ നൽകുന്ന പദ്ധതി

124 [900] ശ്രീ. സി. പി. മുഹമ്മദ് :
,, വി. ഡി. സതീശൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. എം. ഹസ്സൻ :
,, ടി. എൻ. പ്രതാപൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡ്സ് രോഗികളേയും എച്ച്.ഐ.വി. വാഹകരേയും കണ്ടെത്താനും അവർക്കുവേണ്ട ചികിത്സ നൽകാനും എന്തെല്ലാം പരിപാടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുവേണ്ടി പെയ്ഡ് വോളന്റിയർമാരെ നിയമിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ എയ്ഡ്സ് രോഗികളും, എച്ച്.ഐ.വി. വാഹകരുമുള്ള ജില്ലയും, മുനിസിപ്പൽ ഏരിയയും, ഗ്രാമ പഞ്ചായത്തും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റ് സംസ്ഥാനങ്ങളുമായി കൂടുതൽ ബന്ധം പുലർത്തുന്ന സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശത്ത് ഈ രോഗം കൂടുതലായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എച്ച്.ഐ.വി. അണുബാധയുള്ളവരെ പരിശോധിച്ച് രോഗം നേരത്തേ കണ്ടു പിടിക്കുവാൻ വേണ്ടി സൗജന്യ നിരക്കിൽ (രൂപ 10) എല്ലാ ജില്ലകളിലും വോളണ്ടറി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകൾ (വി.സി.റ്റി.സി.) സ്ഥാപിച്ചിട്ടുണ്ട്. അമ്മയിൽ നിന്നും കുഞ്ഞിലേക്ക് എച്ച്.ഐ.വി. അണുബാധ പകരുന്നത് തടയുന്നതിന് വേണ്ട നടപടികൾ അഞ്ച് മെഡിക്കൽ കോളേജുകളിൽ സ്വീകരിച്ചിട്ടുണ്ട്. അശരണരും ശയ്യാവലംബികളുമായ എച്ച്.ഐ.വി. അണുബാധിതരെ പരിചരിക്കുന്നതിനുവേണ്ടി രണ്ട് കെയർ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ ധനസഹായത്തോടെ എല്ലാ മെഡിക്കൽ കോളേജുകളിലും ആന്റി റിട്രോവൈറൽ തെറാപ്പി മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) എയ്ഡ്സ് ഒരു നോട്ടിഫൈയബിൾ ഡിസീസ് അല്ലാത്തതിനാൽ ഏറ്റവും കൂടുതൽ എയ്ഡ്സ് രോഗികളും, എച്ച്.ഐ.വി. വാഹകരുമുള്ള ജില്ലയും, മുനിസിപ്പൽ ഏരിയയും, ഗ്രാമ പഞ്ചായത്തും ഏതെല്ലാമാണെന്ന് പറയുവാൻ നിർവാഹമില്ല.

(ഡി) കാസർഗോഡ്, പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളുടെ അതിർത്തി പ്രദേശങ്ങളിൽ ഈ രോഗം കൂടുതൽ ഉള്ളതായി കാണുന്നുണ്ട്.

സ്പെഷ്യലൈസ്ഡ് ചികിത്സയും സ്വകാര്യ ആശുപത്രികളും

125 [901] ശ്രീ. കെ. സുധാകരൻ :

,, എ. കെ. മണി :

,, പി. ശങ്കരൻ :

,, പി. ടി. തോമസ് താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രസവത്തിനും സ്പെഷ്യലൈസ്ഡ് ചികിത്സയ്ക്കും ഇന്ന് സ്വകാര്യ ആശുപത്രികളെ കൂടുതലായി പൊതുജനങ്ങൾ ആശ്രയിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

പ്രസവത്തിനും സ്പെഷ്യലൈസ്ഡ് ചികിത്സയ്ക്കും വേണ്ടി സർക്കാർ ആശുപത്രികളേയും, സ്വകാര്യ ആശുപത്രികളേയും ജനങ്ങൾ ആശ്രയിക്കുന്നുണ്ട്. ഏകദേശം 30-35 ശതമാനം പ്രസവങ്ങൾ സർക്കാർ ആശുപത്രികളിലും ബാക്കി സ്വകാര്യ ആശുപത്രികളിലുമാണ് നടക്കുന്നത്. കേരളത്തിൽ ഗ്രാമ പ്രദേശങ്ങളിലും, നഗര പ്രദേശങ്ങളിലും വിദഗ്ദ്ധ ചികിത്സ നൽകാൻ കഴിവുള്ള ധാരാളം സ്വകാര്യ ആശുപത്രികൾ ഉണ്ട്. സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്കായുള്ള രോഗികളുടെ ബാഹുല്യംമൂലവും സ്വകാര്യ ആശുപത്രികളിൽ സ്വാതന്ത്ര്യവും സുഖസൗകര്യങ്ങളും കൂടുതൽ ഉള്ളതിനാലും ജനങ്ങൾ അവരുടെ ഇഷ്ടാനുസരണം ചികിത്സാസൗകര്യങ്ങൾ ലഭ്യമാകുന്ന സ്ഥാപനങ്ങളെ മേൽപറഞ്ഞ ചികിത്സയ്ക്കായി തെരഞ്ഞെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly